കിർത്താഡ്സ് മുഖേന നരവംശശാസ്ത്രപരമായ അന്വേഷണം നടത്തിയും ഇക്കാര്യം സ്ഥിരീകരിക്കുന്നു.

(സി) 1996 -ലെ കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമീകരണ നിയമ (1996-ലെ ആക്ട് 11) പ്രകാരമാണ് സമുദായ സാക്ഷ്യപത്രങ്ങൾ നൽകിവരുന്നത്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 2 (g) യിൽ നിർവ്വചിക്കപ്പെട്ട വിദഗ്ധ ഏജൻസിയായ കിർത്താഡ്സിന് മേൽ നിയമത്തിലെ തന്നെ സെക്ഷൻ 14 പ്രകാരം സിവിൽ കോടതിയുടെ അധികാരമുണ്ട്. അതുപ്രകാരം നരവംശശാസ്ത്രപരമായ ജാതി നിർണ്ണയവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഭാഗമായി ബന്ധപ്പെട്ടവരിൽനിന്നും വിവരശേഖരണം നടത്തുന്നുണ്ട്.

(ഡി) ഇല്ല.

എൻ.സി.വി.ടി. അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഐ.ടി.ഐ.

250 (4536) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.സി.വി.ടി (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്) അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര ഐ.ടി.ഐ. കൾ ഉണ്ടെന്ന് പറയാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ കളിൽ എൻ.സി.വി.ടി. മാനദണ്ഡങ്ങളനുസരിച്ചുള്ള ജീവനക്കാർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2015 മാർച്ച് മാസം പ്രസ്തുത സ്ഥാപനങ്ങളിൽ അഞ്ചു വർഷത്തിലൊരിക്കലുള്ള പരിശോധന എൻ.സി.വി.ടി. നടത്തുന്നതാണെന്ന കാര്യം അറിയുമോ;

(ഡി) എങ്കിൽ പട്ടികവിഭാഗം കുട്ടികൾക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത ഐ.ടി.ഐ. കളുടെ അംഗീകാരം നിലനിർത്തുന്നതിന് എൻ.സി.വി.ടി. മാനദണ്ഡമനുസരിച്ചുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 44 ഐ.ടി.ഐ. കളിൽ 41 എണ്ണം എൻ.സി.വി.ടി. അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) അഞ്ച് വർഷത്തിനു മുമ്പ് എൻ.സി.വി.ടി. അഫിലിയേഷൻ ലഭിച്ചിട്ടുള്ള ഐ.ടി.ഐ. കളിൽ എൻ.സി.വി.ടി. പരിശോധന നടത്തുന്നതായും ആയതിന് സ്ഥാപനമേധാവികൾ 2015 മാർച്ചിനു മുമ്പായി അപേക്ഷ സമർപ്പിക്കണമെന്നത് സംബന്ധിച്ചും അറിവ് ലഭിച്ചിട്ടുണ്ട്.

(ഡി) വകുപ്പിന്റെ ഐ.ടി.ഐ. കളുടെ എൻ.സി.വി.ടി. മാനദണ്ഡമനുസരിച്ചുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി വിഭാഗങ്ങൾക്കുള്ള വീട് നിർമ്മാണം

251 (4537) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു കൊടുക്കുന്നതിന് പട്ടികജാതി വകുപ്പ് എത്ര തുകയാണ് നീക്കിവെച്ചത്;

(ബി) ഇതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(സി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ലക്ഷ്യമിട്ട വീടുകൾ എത്രയായിരുന്നുവെന്നും ഇതിൽ ഓരോ വർഷവും എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും ഇനി എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വർഷങ്ങളിൽ എത്ര തുകയാണ് നീക്കിവെച്ചതെന്നും ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 വർഷം വകുപ്പിൽനിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി 120 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly